# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. *3184*

2016 ഫെബ്രുവരി 24-ാം തീയതി മറുപടി നല്കേണ്ടത്

**കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക**

<u>ചോദ്യം</u>

ഡോ. ടി.എം. തോമസ് ഐസക്

<u>ഉത്തരം</u>

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) 2014-15 സാമ്പത്തിക വർഷത്തിൽ സർക്കാർ കോൺട്രാക്ടർമാർക്ക് നൽകേണ്ടതും എന്നാൽ കൊടുക്കാത്തതുമായ തുക എത്രയാണ്; ഇതുമൂലം റവന്യൂ കമ്മിയിലും ധനകമ്മിയിലും കടബാധ്യതയിലും ഉണ്ടായ വ്യത്യാസം എത്രയാണെന്ന് വിശദമാക്കുമോ; | നിലവിൽ പൊതുമരാമത്ത് (റോഡ്, പാലം) വിഭാഗത്തിൽ 2015 മാർച്ച് 31 വരെ 364.5 കോടി രൂപയും ജലവിഭവ വകുപ്പിൽ 25.25 കോടി രൂപയും ചേർത്ത് ആകെ 389.75 കോടി രൂപ നൽകുവാനുണ്ട്. ഇതിൽ ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം വഴി 2016 ഫെബ്രുവരി 18 വരെ 213.76 കോടി രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഇതു മൂലം റവന്യൂ കമ്മി, ധനകമ്മി, പൊതുകടം എന്നിവയിലുണ്ടായ വ്യത്യാസം തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) നടപ്പു സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ സർക്കാർ കോൺട്രാക്ടർമാർക്ക് നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | ഭരണ വകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് നിലവിൽ *1140.29* കോടി രൂപ പൊതുമരാമത്ത് (റോഡ്, കെട്ടിടം) വകുപ്പ്, ജലസേചനവകുപ്പ് എന്നിവയിലെ കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട്. പ്രസ്തുത തുകയിൽ *48.28* കോടി രൂപ ബിൽ ഡിസ്കൗണ്ടിങ് സിസ്റ്റം വഴി കരാറുകാർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ